LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കൊലപാതകങ്ങൾ

222 (2094) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012 മേയ് 31-ന് ശേഷം കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; കൊല്ലപ്പെട്ടവരുടെയും പ്രതികളായവരുടെയും രാഷ്ട്രീയ ബന്ധം വിശദമാക്കുമോ ; പ്രതികളെ പിടികൂടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഓരോ പ്രതികൾക്കെതിരെയും ചുമത്തിയ വകുപ്പുകൾ വിശദമാക്കുമോ ?

ഉത്തരം

2012 മേയ് 31-ന് ശേഷം കേരളത്തിൽ 12 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സർക്കാർ സർവ്വീസിലുള്ള സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ

223 (2095) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ആഭ്യന്തര മന്ത്രി തന്നെ പ്രസ്താവന നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാർ സബോർഡിനേറ്റ് സർവ്വീസിലും സ്റ്റേറ്റ് സർവ്വീസിലും ഇതിനകം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന് നടപടിയെടുത്തു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 83 പരാതികൾ ലഭിച്ചിട്ടുള്ളതും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പോലീസിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണക്ക്

224 (2096) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് കഴിഞ്ഞ 9 മാസത്തിനിടയിൽ കേരളത്തിൽ ബലാത്സംഗത്തിനിരയായ സ്ത്രീകൾ എത്ര ;

(ബി) ഇതിൽ ഒരുവയസ്സിനും പതിനേഴു വയസ്സിനുമിടയിലുള്ളവർ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.